LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ തർക്കങ്ങൾ

245 (910) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ തർക്കങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം തർക്കങ്ങൾ യഥാസമയം പരിഹരിക്കപ്പെടാത്തത് വ്യവസായ മേഖലയെ ദോഷകരമായി ബാധിക്കുന്നതാണെന്നത് നിരീക്ഷിച്ചിട്ടുണ്ടോ ;

(സി) അടിയന്തരമായി തൊഴിൽ തർക്കങ്ങൾ തീർപ്പാക്കുന്നതിനും വ്യവസായ ശാലകളിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തൊഴിൽ തർക്കങ്ങൾ കാലതാമസമില്ലാതെ പരിഹരിക്കുവാനും വ്യവസായശാലകളിലെ തൊഴിൽ പ്രതിസന്ധികളിൽ സമയോചിതമായി ഇടപെട്ട് കാലവിളംബം കൂടാതെതന്നെ പ്രതിസന്ധി പരിഹരിക്കുവാനും തൊഴിൽ വകുപ്പ് ആത്മാർഥമായി പരിശ്രമിക്കുന്നുണ്ട്. തൊഴിൽ തർക്കങ്ങൾ സംബന്ധിച്ച വിവരം ലഭ്യമായാൽ അനുരഞ്ജന ഉദ്യോഗസ്ഥർ ഇടപെട്ട് ഇരുകൂട്ടരെയും ചർച്ചയ്ക്ക് വിളിക്കുകയും പ്രശ്നം അടിയന്തരമായി പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ചർച്ചയിൽ സമവായം ഉണ്ടാകുന്ന സാഹചര്യത്തിൽ ഇരുകൂട്ടരും തമ്മിൽ അനുരഞ്ജന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ കരാർ ഒപ്പുവയ്ക്കുകയും തുടർന്ന് കരാർ പ്രാബല്യകാലഘട്ടത്തിൽ കരാർ വ്യവസ്ഥപ്രകാരം വ്യവസായ സ്ഥാപനം സുഗമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നതുമാണ്.

തൊഴിലാളി ക്ഷേമപെൻഷനുകൾ

246 (911) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിലാളിക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം എത്രയാണ് ; ക്ഷേമനിധി ബോർഡ് തിരിച്ചുള്ള എണ്ണം വിശദമാക്കുമോ ;